# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1141** **05.03.2020 -ൽ മറുപടിയ്ക്ക്**

## സ്കൂൾ യൂണിഫോം വിതരണം

ചോദ്യം **ഉത്തരം**

**ശ്രീ.ടി. വി. ഇബ്രാഹിം**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) അധ്യയന വർഷത്തിന്റെ അവസാനമായിട്ടും ഇതുവരെ ഈ വർഷത്തെ സ്കൂൾ യൂണിഫോം ലഭിക്കാത്ത കുട്ടികൾ പല സ്കൂളുകളിലും ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | എ) ഉണ്ട്. ഈ വർഷത്തെ സ്കൂൾ യൂണിഫോം മിക്കവാറും എല്ലാ സ്കൂളുകളിലും ലഭ്യമായികഴിഞ്ഞു. സമഗ്രശിക്ഷാ കേരളവഴി യൂണിഫോം ലഭ്യമാകുന്ന സ്കൂളുകളിൽ 90 ശതമാനത്തിലധികം സ്കൂളുകൾക്കും തുക വിതരണം ചെയ്തുകഴിഞ്ഞു. ചില സ്കൂളുകൾക്ക് 50% തുകയും നൽകിയിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകൾക്ക് തുക ഉടൻ നൽകും. |
| ബി) സ്കൂൾ യൂണിഫോമിനുള്ള തുക വർദ്ധിപ്പിച്ചതായി 2020 ബജറ്റ് പ്രഖ്യാപനത്തിൽ വന്നതുമൂലം കുട്ടികൾക്ക് ഉണ്ടാകുന്ന പ്രയോജനം വ്യക്തമാക്കാമോ; | ബി) ഈ വർദ്ധനവ് നടപ്പ് അധ്യയനവർഷം തന്നെ അനുവദിച്ച് നൽകിയിട്ടുള്ളതാണ്. യൂണിഫോമിനുള്ള തുക കാലാനുഗതമായി ഉയർത്തുന്നതിന്റെ ഭാഗമായിട്ടാണ് ഇങ്ങനെ ചെയ്തത്. |
| സി) നേരത്തേ യൂണിഫോമിനുള്ള തുക സ്കൂൾ അധികൃതർക്ക് നേരിട്ട് കൈമാറിയിരുന്ന സമയത്ത് യഥാസമയം ആവശ്യാനുസരണം കുട്ടികൾക്ക് യൂണിഫോം കിട്ടിയിരുന്ന അവസ്ഥ യൂണിഫോം തുണി നേരിട്ട് നൽകുന്നത് വഴി മാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഇല്ല. |

| | | | |
|---|---|---|---|
| ഡി) | യൂണിഫോമിനുള്ള തുക ബജറ്റിൽ വർദ്ധിപ്പിച്ച സ്ഥിതിക്ക് മദ്രസ്സയിൽ പോകുന്ന പ്രൈമറി കുട്ടികൾക്ക് ഹാഫ് ട്രൗസറിനുള്ള തുണിക്ക് പകരം ഫുൾ ട്രൗസറിനുള്ള തുണി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ഡി) | സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും ഏകീകൃത രീതിയിലാണ് യൂണിഫോം വിതരണം ചെയ്ത് വരുന്നത്. മദ്രസ്സ വിദ്യാർത്ഥികൾക്ക് ഹാഫ് ട്രൗസറിനുള്ള തുണിക്ക് പകരം ഫുൾ ട്രൗസറിനുള്ള തുണി നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ